# ജീവിതവിജയത്തിന് വേണ്ടത്
# ലക്ഷ്യബോധം




**സന്ധ്യാറാണി .എൽ**
ചൈൽഡ് ആന്റ് ഫാമിലി കൗൺസിലർ
Consolace Counselling Services
നന്തൻകോട്, തിരുവനന്തപുരം & ചങ്ങനാശ്ശേരി
ഫോൺ: 9388183153
www.consolace.com


ജീവിതവിജയത്തിന്റെ ഒരു പ്രധാനഘടകമാണ് ലക്ഷ്യബോധം. അഭിരുചിയ്ക്ക് ഇണങ്ങിയ അവസരങ്ങൾ തിരഞ്ഞെടുത്ത് മുന്നോട്ടു പോകാനും ഉയരങ്ങൾ കീഴടക്കാനും പഠനകാലയളവിൽ തന്നെ കുട്ടികളിൽ ലക്ഷ്യബോധം വളർത്തേണ്ടത് അനിവാര്യമാണ്. മലയാളികൾ സമ്പാദ്യത്തിന്റെ നല്ലൊരു ഭാഗവും കുട്ടികളുടെ പഠനാവശ്യങ്ങൾക്കായാണ് ചെലവിടുന്നത്. എന്നാൽ മികച്ച കോഴ്സുകളും സ്ഥാപനങ്ങളും കണ്ടെത്തി മക്കളെ അവിടെ പഠിക്കാൻ അയച്ചതു കൊണ്ടു മാത്രം കാര്യമില്ല. പഠനത്തിന്റെ ഓരോ ഘട്ടത്തിലും അവർക്ക്



പ്രചോദമേകുന്ന വഴികാട്ടികൾ കൂടിയാകണം രക്ഷിതാക്കൾ. മികച്ച പഠനസൗകര്യങ്ങളുടെ അഭാവം മൂലമല്ല മറിച്ച് കൃത്യമായ ലക്ഷ്യബോധമില്ലാത്തതിനാലാണ് ഭൂരിഭാഗം കുട്ടികളും പഠനത്തിലും ജീവിതത്തിലും പരാജയപ്പെടുന്നത്. ലക്ഷ്യങ്ങളില്ലാത്ത ജീവിതം തുഴയില്ലാത്ത തോണി പോലെയാണ്. കാലവും സമയവും തെറ്റി ദിശയറിയാതെ നീങ്ങുന്ന തോണി ഒടുവിൽ എവിടേയും എത്തിച്ചേരാതെ യാത്ര അവസാനിപ്പിക്കേണ്ടി വരുന്നു. ഇതുപോലെ കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാതെ ഏതെങ്കിലും കോഴ്സിൽ ചേർന്ന് ഒടുവിൽ ജോലി ലഭിക്കാതെ വരികയോ പഠിച്ച മേഖലയുമായി യാതൊരു ബന്ധവുമില്ലാത്ത ജോലിയിൽ ഏർപ്പെടുകയോ ചെയ്യുന്ന അനേകം പേരുണ്ട്. പഠനാരംഭത്തിൽ തന്നെ ശരിയായ മാർഗനിർദേശം ലഭിക്കാത്തതിന്റെ പ്രശ്നമാണിത്.



**അഭിരുചിയ്ക്ക് ഇണങ്ങിയ അവസരങ്ങൾ തിരഞ്ഞെടുത്ത് മുന്നോട്ടു പോകാനും ഉയരങ്ങൾ കീഴടക്കാനും പഠനകാലയളവിൽ തന്നെ കുട്ടികളിൽ ലക്ഷ്യബോധം വളർത്തേണ്ടത് അനിവാര്യമാണ്.**

“അവൾ ഒന്നും പഠിക്കുന്നില്ല. പരീക്ഷ അടുത്തു വരുന്തോറും എന്റെയുള്ളിൽ ഭീതിയാണ് ” പതിനൊന്നാം ക്ലാസിൽ പഠിക്കുന്ന മകളെ കുറിച്ച് ഒരമ്മയുടെ പരാതിയായിരുന്നു ഇത്. പത്താം ക്ലാസ് വരെ ഉത്സാഹിച്ചു പഠിച്ചിരുന്നു അവൾ. തുടർപഠനത്തിന് സയൻസ് ഗ്രൂപ്പ് തിരഞ്ഞെടുത്തു. എന്നാൽ പിന്നീട് ഇങ്ങോട്ട് പഠനത്തിൽ തീരെ ശ്രദ്ധ ഇല്ലാതായി. ചിലപ്പോഴൊക്കെ പെട്ടെന്ന് ദേഷ്യപ്പെടുകയും വഴക്കിടുകയും ചെയ്യും. അവൾക്ക് എന്തു പറ്റിയെന്ന് മനസ്സിലാകുന്നതേയില്ല-ആ അമ്മ വിഷമത്തോടെ പറഞ്ഞു. കുട്ടിയുമായി സംസാരിച്ചപ്പോൾ അവൾ അത്യധികം മാനസികപിരിമുറുക്കം അനുഭവിക്കുന്നതായി മനസ്സിലായി. പത്താം ക്ലാസിൽ മികച്ച മാർക്ക് നേടിയെങ്കിലും തുടർന്ന് എന്ത് പഠിക്കണമെന്നതിനെക്കുറിച്ച് വ്യക്തമായ ഒരു ലക്ഷ്യവും അവളുടെ മനസ്സിലുണ്ടായിരുന്നില്ല. മാനവികവിഷയങ്ങളോടാണവൾക്ക് ആഭിമുഖ്യമുണ്ടായിരുന്നതെങ്കിലും മാതാപിതാക്കളും കൂട്ടുകാരും സയൻസ് തിരഞ്ഞെടുക്കുന്നതാണ് നല്ലതെന്ന് ഉപദേശിച്ചപ്പോൾ അവൾ കൂടുതൽ ചിന്തിക്കാതെ അതിന് ചേരുകയായിരുന്നു. കണക്കുകൂട്ടിയതിലും ഏറെ പഠിക്കാനുണ്ടായിരുന്നു. ഉന്നത വിജയം നേടിയ കുട്ടികൾ





**ഒരു ജോലി എന്നതി നപ്പുറം കുട്ടികളെ വലിയ സ്വപ്നങ്ങൾ കാണാൻ പ്രേരിപ്പിക്കാം. ഒരു ഡോക്ടറാകണമെന്ന് തീരുമാനിക്കുന്ന കുട്ടിയെ രോഗികളോട് കരുണയും സ്നേഹവും കാണിക്കുന്ന ഒരു നല്ലൊ രു മനുഷ്യൻ കൂടിയാക്കി വളർത്തിയെടുക്കണം.**

മാത്രമുള്ള ക്ലാസിൽ ഒപ്പമെത്താൻ ഏറെ അധ്വാനിക്കേണ്ടിയിരുന്നു. എന്നാൽ അതിനുള്ള ശ്രമങ്ങൾ നടത്താതിരുന്നതിനാൽ അവൾ പലപ്പോഴും പിറകോട്ടു പോയി. ഇതു തനിക്കു പറ്റിയ ഗ്രൂപ്പ് അല്ല എന്ന തോന്നൽ മനസ്സിൽ നിറഞ്ഞു. അധ്യയനവർഷം മുന്നോട്ടു പോകുന്തോറും കുട്ടിയുടെ ഉള്ളിൽ ആധിയായി. പരാജയപ്പെടുകയാണോ എന്ന ചിന്ത അവളെ അലട്ടി. പ്രശ്ന ങ്ങൾ ശരിയായി മനസ്സിലാക്കാതി രുന്ന മാതാപിതാക്കളാകട്ടെ അപ്പോഴും പഠിക്കാൻ മാത്രം നിർബന്ധിച്ചു കൊണ്ടിരുന്നു. ഉറച്ച ലക്ഷ്യബോധമോ തീരുമാന മെടുക്കാനുള്ള ആർജ്ജവമോ ഇല്ലാതെ പോയതിനാലാണ് പത്താംക്ലാസിനു ശേഷം എന്തെ ങ്കിലും പഠിക്കുക എന്ന തീരുമാന ത്തിലേയ്ക്ക് അവൾ എത്തിച്ചേർ ന്നത്. മാതാപിതാക്കളാണ് കുട്ടികളുടെ ശരിയായ അഭിരുചി യും, താൽപ്പര്യവും, കഴിവും മനസ്സിലാക്കി വഴികാട്ടേണ്ടവർ. ഈ പ്രായത്തിൽ കുട്ടികളുടെ മനസ്സിൽ വ്യക്തമായ ലക്ഷ്യബോ ധമില്ലാതിരിക്കുമ്പോൾ അവരുടെ അഭിരുചിക്കും കഴിവിനുമനുസ രിച്ച് ഒരു കോഴ്സ് തിരഞ്ഞെടു ത്തു നൽകേണ്ട ഉത്തരവാദിത്വം മാതാപിതാക്കൾക്കുണ്ട്. കോഴ്സിന്റെ പ്രാധാന്യവും, സാധ്യതകളും വേണ്ടവിധം മനസ്സിലാക്കി കൊടുത്ത് പഠനം മുന്നോട്ട് കൊണ്ടു പോകാൻ സഹായിക്കേണ്ട ചുമതലയും മാതാപിതാക്കൾക്കാണ്. ഈ കുട്ടിയുടെ കാര്യത്തിൽ കോഴ്സ് തിരഞ്ഞെടുത്ത് ഒരു വർഷം പിന്നിട്ടതിനാൽ അതുമായി മുന്നോട്ടു പോകുക എന്നതാണ് പ്രായോഗികമായ തീരുമാനം. ബിരുദത്തിന് ഇംഗ്ലീഷ് ഐച്ഛിക വിഷയമായി തിരഞ്ഞെടുക്കാനാ ണ് അവൾക്ക് താത്പര്യം. സയൻസ് ഗ്രൂപ്പിൽ പഠനം പൂർത്തിയാക്കിയാലും ബിരുദത്തി ന് ഇംഗ്ലീഷ് തിരഞ്ഞെടുക്കാൻ കഴിയും. എന്നാൽ അതിന് പന്ത്രണ്ടാം ക്ലാസ് മികച്ചനിലയിൽ വിജയിക്കണം. എങ്കിൽ മാത്രമേ തുടർപഠനത്തിന് അഡ്മിഷൻ ലഭിക്കൂ. നന്നായി പഠിച്ചാൽ ക്ലാസിലെ മറ്റു കുട്ടികളെ പോലെ അവൾക്കും മുന്നിലെത്താവുന്ന തേയുള്ളൂ എന്ന് പറഞ്ഞു മനസ്സിലാക്കി. ഇപ്പോൾ അവളുടെ ഉള്ളിൽ ഒരു ലക്ഷ്യമുണ്ട്. ഇഷ്ട പ്പെട്ട കോളേജിൽ മെറിറ്റ് സീറ്റിൽ തന്നെ ബിരുദത്തിന് അഡ്മിഷൻ നേടണം. അതു നേടിയെടു ക്കാനായി ഓരോ ദിവസവും അധ്വാനിക്കുന്നു. അവൾ മികച്ച വിജയം നേടുമെന്ന് ആ കുട്ടിയു ടെ മാതാപിതാക്കളെ പോലെ ഞാനും വിശ്വസിക്കുന്നു ''

## ലക്ഷ്യം തിരിച്ചറിയുക

ശരിയായ ലക്ഷ്യത്തിലേയ്ക്ക് മനസ്സു കേന്ദ്രീകരിച്ചാൽ വിജയം സുനിശ്ചിതമാണ്. ലക്ഷ്യം എന്താണെന്ന് തിരിച്ചറിയുകയാ ണ് ആദ്യം വേണ്ടത്. ഓരോ




കുട്ടിയുടേയും അഭിരുചികളിൽ വ്യത്യാസമുണ്ടാകും. എന്നാൽ കുട്ടികൾ വളർന്നു വരുമ്പോൾ ഏതു രംഗത്താണോ മികച്ച തൊഴിൽസാധ്യതകൾ നിലനിൽക്കുന്നത് അവിടേയ്ക്ക് അവരെ അയക്കാനാണ് മാതാപിതാക്കൾ പൊതുവേ താത്പര്യം കാണിക്കുന്നത്. ഇത് തീർത്തും തെറ്റായ ഒരു പ്രവണതയാണ്. ജീവിതം മുന്നോട്ടു കൊണ്ടു പോകണമെങ്കിൽ ഒരു തൊഴിൽ അല്ലെങ്കിൽ വരുമാനം അത്യാവശ്യമാണെന്നത് സത്യമാണ്. പക്ഷേ എന്നു കരുതി എളുപ്പം ജോലികിട്ടുന്ന ഒരു മേഖലയിലേയ്ക്ക് മക്കളെ തിരിച്ചുവിട്ടേക്കാം എന്ന് ചിന്തിക്കരുത്. നന്നായി വരയ്ക്കാൻ കഴിവുള്ള ഒരു കുട്ടിയ്ക്ക് ആ മേഖലയിൽ ഇന്ന് മികച്ച തൊഴിൽസാധ്യതകളുണ്ട്. മറിച്ച് അവനെ നിർബന്ധപൂർവം ഡോക്ടറാക്കാൻ അയച്ചാൽ പരാജയപ്പെട്ടു എന്നു വരാം. ചെറിയ ക്ലാസുകളിൽ തുടങ്ങി അവരുടെ ഇഷ്ടങ്ങൾ പ്രോത്സാഹിപ്പിക്കാനാണ് ശ്രദ്ധിക്കേണ്ടത്. കോഴ്സുകൾ തിരഞ്ഞെടുക്കുമ്പോൾ കുട്ടികളുടെ താത്പര്യത്തിനാണ് പ്രാധാന്യം നൽകേണ്ടത്. ഭാവിയിൽ മകളെ ഒരു ഡോക്ടറാക്കണം എന്നത് രക്ഷിതാവിന്റെ ഒരു ആഗ്രഹം മാത്രമാണ്. എന്നാൽ കുട്ടിയ്ക്ക് ആ ജോലിയോട് ആഭിമുഖ്യം ഉണ്ടാകണമെന്നില്ല. അങ്ങനെ വരുമ്പോൾ കുട്ടിയെ നിർബന്ധിച്ച് മെഡിസിന് അയക്കുന്നതിന് പകരം അവർക്ക് ഇഷ്ടമുള്ളത് പഠിക്കാൻ അനുവദിക്കുകയാണ് വേണ്ടത്. ഒരു ജോലി എന്നതിനപ്പുറം കുട്ടികളെ വലിയ സ്വപ്നങ്ങൾ കാണാൻ പ്രേരിപ്പിക്കാം. ഒരു ഡോക്ടറാകണമെന്ന് തീരുമാനിക്കുന്ന കുട്ടിയെ രോഗികളോട് കരുണയും സ്നേഹവും കാണിക്കുന്ന ഒരു നല്ലൊരു മനുഷ്യൻ കൂടിയാക്കി വളർത്തിയെടുക്കണം. ചെയ്യുന്ന ജോലിയിൽ നൈപുണ്യമുണ്ടായിരിക്കെ തന്നെ സഹജീവികളോട് നല്ലരീതിയിൽ ഇടപഴകാനും സമൂഹത്തിൽ ഇടപെടലുകൾ നടത്താനും കഴിയുന്ന ഒരു വ്യക്തിയായി മാറാൻ കഴിയണം.

## ചെറിയ ലക്ഷ്യങ്ങളും വലുതാണ്

ഓരോ പുതുവർഷം എത്തുമ്പോഴും നാം ഓരോരുത്തരും പുതിയ പ്രതിജ്ഞകൾ എടുക്കും. എന്നാൽ വർഷാവസാനം

**മാതാപിതാക്കളാണ് കുട്ടികളുടെ ശരിയായ അഭിരുചിയും, താൽപ്പര്യവും, കഴിവും മനസ്സിലാക്കി വഴികാട്ടേണ്ടവർ. കുട്ടികളുടെ മനസ്സിൽ വ്യക്തമായ ലക്ഷ്യബോധമില്ലാതിരിക്കുമ്പോൾ അവരുടെ അഭിരുചിക്കും കഴിവിനുമനുസരിച്ച് ഒരു കോഴ്സ് തിരഞ്ഞെടുത്തു നൽകേണ്ട ഉത്തരവാദിത്ത്വം മാതാപിതാക്കൾക്കുണ്ട്.**





**ഓരോ ദിവസവും പൂർത്തീകരിക്കേണ്ട ചെറിയ കാര്യങ്ങളുണ്ട്. ഇത്തരത്തിൽ ഓരോ ദിവസവും ചെയ്യേണ്ട പ്രവർത്തികളെ കുറിച്ച് വ്യക്തമായ ധാരണ യില്ലാത്ത പക്ഷം ജീവിതം അലസമായി മുന്നോട്ടു പോകും. ഒന്നും ചെയ്യാനി ല്ലാത്ത ഒരാൾക്ക് ജീവിതം യാന്ത്രികവും വിരസവുമാ യി തോന്നാം. എന്നാൽ വ്യക്തമായ ലക്ഷ്യങ്ങളുള്ള ഒരാളെ സംബന്ധിച്ചിട ത്തോളം ജീവിതം ആനന്ദപ്രദമായിരിക്കും.**

എത്തുമ്പോൾ അത് പാലിച്ചവരുടെ എണ്ണം വിരലിലെണ്ണാവുന്നത്രയേ ഉണ്ടാകൂ. നമ്മുടെ ആരുടേയും കുറ്റം കൊണ്ടല്ല ഇങ്ങനെ സംഭവിക്കുന്നത്. ഒരു വർഷമെന്നത് വലിയൊരു കാലയളവാണ്. അപ്പോൾ ഒരു വർഷം കൊണ്ട് ചെയ്തു തീർക്കേണ്ട കാര്യത്തിന് വലിയൊരു സമയം തന്നെ മുന്നിലുണ്ട്. ദൈനംദിന ജീവിതത്തിനിടയ്ക്ക് ഒരു വർഷം കൊണ്ട് പാലിക്കേണ്ട സംഗതി ഒതുക്കപ്പെട്ടു പോകുന്നു. അടുത്ത പുതുവർഷം എത്തുമ്പോൾ നിങ്ങൾ വലിയ പ്രതിജ്ഞയെ ചെറിയ ഭാഗങ്ങളാക്കി വിഭജിക്കണം. ഉദാഹരണത്തിന് അടുത്ത ഒരു വർഷം കൊണ്ട് ഹിന്ദി പഠിക്കുമെന്നാണ് തീരുമാനിക്കുന്നതെങ്കിൽ അതിനെ ഇങ്ങനെ വിഭജിക്കാം. ആദ്യ ദിവസം ഇത്ര അക്ഷരങ്ങൾ പഠിക്കും. ഒരാഴ്ച കൊണ്ട് ഇത്ര വാക്കുകൾ പഠിക്കും. ഒരു മാസത്തിനുള്ളിൽ ഇത്ര ഹിന്ദി പുസ്തകങ്ങൾ വായിക്കും, ഇത്ര ഹിന്ദി സിനിമകൾ കാണും. ഇത്തരത്തിൽ താത്കാലികമായ ലക്ഷ്യങ്ങൾക്കും ജീവിതത്തിൽ വലിയ പ്രാധാന്യമുണ്ട്. വലുതാകുമ്പോൾ ഐ.എ.എസ് എഴുതിയെടുക്കണമെന്നത് ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിലെ പ്രധാന തീരുമാനമാണ്. എന്നാൽ ആ ലക്ഷ്യത്തിലേയ്ക്ക് എത്താനായി ഓരോ ദിവസവും പൂർത്തീകരിക്കേണ്ട ചെറിയ കാര്യങ്ങളുണ്ട്. ഇത്തരത്തിൽ ഓരോ ദിവസവും ചെയ്യേണ്ട പ്രവർത്തികളെ കുറിച്ച് വ്യക്തമായ ധാരണയില്ലാത്ത പക്ഷം ജീവിതം അലസമായി മുന്നോട്ടു പോകും. ഒന്നും ചെയ്യാനില്ലാത്ത ഒരാൾക്ക് ജീവിതം യാന്ത്രികവും വിരസവുമായി തോന്നാം. എന്നാൽ വ്യക്തമായ ലക്ഷ്യങ്ങളുള്ള ഒരാളെ സംബന്ധിച്ചിടത്തോളം ജീവിതം ആനന്ദപ്രദമായിരിക്കും. ഓരോ ദിവസവും നിറവേറ്റാനുള്ള കർത്തവ്യങ്ങൾ അയാളെ ഉന്മേഷവാനാക്കും. ചെറിയ ലക്ഷ്യങ്ങൾ പൂർത്തിയാക്കുമ്പോൾ മനസ്സിൽ സന്തോഷം നിറയുന്നതിനോടൊപ്പം ആത്മവിശ്വാസവും പതിന്മടങ്ങ് വർദ്ധിക്കും. എന്തെങ്കിലും നേടണമെന്ന് കൃത്യമായ ബോധ്യമുള്ള വ്യക്തി അതിൽ



മാത്രമാകും ശ്രദ്ധകേന്ദ്രീകരിക്കുന്നത്. മഹാഭാരതത്തിൽ അർജുനനോട് ദ്രോണാചാര്യർ ചോദിച്ച ചോദ്യവും അതിന് അദ്ദേഹം നൽകിയ ഉത്തരവും ഇവിടെ പ്രസക്തമാണ്. വൃക്ഷത്തിന് മുകളിലെ കിളിയുടെ കണ്ണിലേയ്ക്ക് അസ്ത്രം പായിക്കാൻ ദ്രോണാചാര്യർ ശിഷ്യരോട് ആവശ്യപ്പെടുകയുണ്ടായി. പിന്നീട് അദ്ദേഹം ശിഷ്യരിൽ ഓരോരുത്തരോടും നിങ്ങൾ എന്തു കാണുന്നു എന്ന് ചോദിച്ചു. ബാക്കി ശിഷ്യരെല്ലാം ആകാശവും വൃക്ഷവും കിളിയേയും കണ്ടപ്പോൾ അർജുനൻ തന്റെ ലക്ഷ്യമായ കിളിയുടെ കണ്ണ് മാത്രമാണ് കാണുന്നതെന്ന് മറുപടി നൽകി. ജീവിതത്തിൽ വ്യക്തമായ ലക്ഷ്യബോധമുള്ള ഓരോ വ്യക്തിയുടേയും മറുപടി ഇത്തരത്തിലായിരിക്കും. പഠനത്തിനിടെ പലകാര്യങ്ങളിലേയ്ക്ക് ശ്രദ്ധ തിരിയുമ്പോൾ നഷ്ടപ്പെടുന്ന ഊർജം വലുതാണ്. എന്നാൽ നേടിയെടുക്കേണ്ട കാര്യങ്ങളിൽ മാത്രം മനസ്സ് അർപ്പിക്കുമ്പോൾ ലക്ഷ്യത്തിലേയ്ക്ക് വളരെ പെട്ടന്ന് നടന്നെത്താൻ സാധിക്കുന്നു.


## പടിപടിയായി നേടാം

ജീവിതത്തിൽ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് വ്യക്തമായ ആസൂത്രണവും അതിനനുസരിച്ചുള്ള പരിശ്രമവും ആവശ്യമാണ്.

1. ഭാവിയിൽ ഏതുമേഖലയിലേയ്ക്ക് പോകണം എന്നതിനെ കുറിച്ച് കൃത്യമായ അവബോധം ഉണ്ടാകണം. കുട്ടിയുടെ അഭിരുചിയ്ക്ക് അനുസരിച്ചുള്ള കോഴ്സ് തിരഞ്ഞെടുക്കാൻ രക്ഷിതാക്കൾ സഹായിക്കണം. തിരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്ന കോഴ്സിനെ പറ്റി ചിലപ്പോൾ കുട്ടിയ്ക്കോ രക്ഷിതാവിനോ കൂടുതൽ അറിവുണ്ടാകണമെന്നില്ല. അങ്ങനെ വരുമ്പോൾ ആ മേഖലയിൽ പ്രവർത്തിക്കുന്നവരുടേയോ മികച്ച കരിയർ ഗൈഡൻസ് സ്ഥാപനങ്ങളുടേയോ സഹായം തേടാം. കുട്ടിയ്ക്ക് ഇഷ്ടപ്പെട്ട കോഴ്സിന് ചേരുമ്പോൾ തന്നെ അതിന്റെ എല്ലാവശങ്ങളേയും കുറിച്ച് അവരെ പറഞ്ഞു മനസ്സിലാക്കണം. പല ഷിഫ്റ്റുകളിൽ ജോലി ചെയ്യാനും ക്ഷമയോടെ രോഗികളെ ശുശ്രൂഷിക്കാനും സന്നദ്ധതയുള്ള ഒരാൾക്കു മാത്രമേ നഴ്സിങ് മേഖലയിൽ ശോഭിക്കാനാകൂ. ഇതു കണക്കിലെടുക്കാതെ വിദേശത്തു പോകാനായി മാത്രം നഴ്സിങ് പഠിച്ചാൽ ചെയ്യുന്ന ജോലിയിൽ ഒരിക്കലും സംതൃപ്തിയോ സന്തോഷമോ ഉണ്ടാകില്ല. ജീവിതത്തിന്റെ നല്ലൊരു ഭാഗവും ചെലവിടേണ്ട ജോലിസ്ഥലം നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് അല്ലെങ്കിൽ കൂടിയും പൊരുത്തപ്പെട്ടു പോകാൻ കഴിയുന്നതെങ്കിലുമാകണം. നൃത്തം, സംഗീതം, എഴുത്ത് തുടങ്ങിയ മേഖലകളിലേയ്ക്ക് തിരിയുമ്പോൾ പ്രായോഗികതലങ്ങൾ കൂടി ചിന്തിക്കണം. മുഴുവൻ സമയവും ഈ മേഖലകളിൽ പ്രവർത്തിക്കാൻ താത്പര്യമോ സാഹചര്യമോ ഇല്ലെങ്കിൽ സ്ഥിരവരുമാനം ലഭിക്കുന്ന ഒരു തൊഴിലിനൊപ്പം ഹോബിയെന്ന രീതി



**ഭാവിയിൽ ഏതു മേഖലയിലേയ്ക്ക് പോകണം എന്നതിനെ കുറിച്ച് കൃത്യമായ അവബോധം ഉണ്ടാകണം. കോഴ്സിന് ചേരുമ്പോൾ തന്നെ എല്ലാവശങ്ങളേയും മനസ്സിലാക്കണം. ജീവിതത്തിന്റെ നല്ലൊരു ഭാഗവും ചെലവിടേണ്ട ജോലിസ്ഥലം നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് അല്ലെങ്കിൽ കൂടിയും പൊരുത്തപ്പെട്ടു പോകാൻ കഴിയുന്നതെങ്കിലുമാകണം.**



**ഭാവിയെ കുറിച്ച് തീരുമാനമെടുക്കും മുൻപ് ഒരു സ്വയം വിലയിരുത്തൽ ആവശ്യമാണ്. സ്വന്തം പരിമിതി കളും കഴിവുകളും മനസ്സിലാക്കാൻ ഇതു സഹായിക്കും. സ്വന്തം പരിമിതികൾ മനസ്സിലാക്കി കൊണ്ടു വേണം മുന്നോട്ടു പോകാൻ.**

യിൽ ഈ മേഖലകളിൽ പ്രവർത്തിക്കാവുന്നതാണ്. നിങ്ങൾ ഇഷ്ടപ്പെടുന്ന മേഖലയിൽ എത്തിപ്പെടാൻ എന്തൊക്കെ യോഗ്യതകളാണ് വേണ്ടത് എന്നും കൃത്യമായി അറിഞ്ഞിരിക്കണം. ബാങ്ക് ലോണെടുത്ത് എഞ്ചിനീയറിങ് ബിരുദമെടുത്ത വിദ്യാർത്ഥികളിൽ പലരും പിന്നീട് ബാങ്ക് ക്ലർക്ക് പരീക്ഷകൾക്ക് തയ്യാറെടുക്കുന്നു. ഈ പരീക്ഷയ്ക്ക് അപേക്ഷിക്കാൻ ഏതെങ്കിലുമൊരു ബിരുദം മതിയെന്നിരിക്കെ ലക്ഷങ്ങൾ മുടക്കി എഞ്ചിനീയറിങ് പഠിക്കേണ്ട ആവശ്യമില്ല. ലക്ഷ്യത്തെ കുറിച്ച് വ്യക്തതയില്ലാത്തതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. അതിനാൽ താത്പര്യമുള്ള മേഖലയിലേയ്ക്ക് തിരിയും മുൻപേ പറ്റാവുന്നത്ര വിവരങ്ങൾ ശേഖരിക്കുക. നന്നായി വിശകലനം ചെയ്ത ശേഷം മാത്രം മുന്നോട്ടു പോകുക.

2. ഭാവിയെ കുറിച്ച് തീരുമാനമെടുക്കും മുൻപ് ഒരു സ്വയം വിലയിരുത്തൽ ആവശ്യമാണ്. സ്വന്തം പരിമിതികളും കഴിവുകളും മനസ്സിലാക്കാൻ ഇതു സഹായിക്കും. സ്വന്തം പരിമിതികൾ മനസ്സിലാക്കി കൊണ്ടു വേണം മുന്നോട്ടു പോകാൻ. ഉദാഹരണത്തിന് സാഹസിക വിനോദങ്ങൾ ഇഷ്ടപ്പെടുന്ന ഒരു വ്യക്തിയ്ക്ക് ആ മേഖലയിൽ നിരവധി അവസരങ്ങളുണ്ട്. അതേസമയം മൃഗങ്ങളെ പരിപാലിക്കാൻ ഇഷ്ടപ്പെടാത്ത വ്യക്തിയ്ക്ക് വെറ്റിനറി ഡോക്ടർ ആകാൻ സാധിക്കില്ല.

3. ലക്ഷ്യം നിശ്ചയിച്ചു കഴിഞ്ഞാൽ അതിലേയ്ക്ക് എത്തിച്ചേരാനുള്ള ക്രിയാത്മക നടപടികൾ പ്ലാൻ ചെയ്യണം. ഉദാഹരണത്തിന് ഭാവിയിൽ മത്സരപ്പരീക്ഷകൾ എഴുതാൻ തയ്യാറെടുക്കുന്നുവെങ്കിൽ അതിന്റെ സിലബസ് മനസ്സിലാക്കി പതിയെ പഠനം തുടങ്ങാം.

4. ലക്ഷ്യത്തോട് എത്രത്തോളം അടുത്തു എന്ന് ഇടയ്ക്ക് പരിശോധിക്കുന്നത് നല്ലതാണ്. കൂടുതൽ പരിശ്രമിക്കാനും മുന്നോട്ടു പോകാനും ഇതു സഹായിക്കും.

5. ലക്ഷ്യത്തിലേയ്ക്ക് എത്തുന്നതിന് തടസ്സമായിട്ടുള്ള എല്ലാത്തിനേയും മറികടക്കുക. ശ്രദ്ധപതറിപ്പോകുന്ന വിഷയങ്ങളിൽ നിന്ന് പൂർണ്ണമായും മുക്തി നേടണം.

6. ആത്മാർത്ഥമായി പരിശ്രമിച്ചാൽ ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള ശക്തി മനസ്സിൽ തന്നെയുണ്ട്. താത്കാലിക പരാജയങ്ങൾ ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരാനുള്ള ചവിട്ടുപടികൾ മാത്രമാണ്. ''എറൈസ്, എവേക്ക് ആൻഡ് സ്റ്റോപ്പ് നോട്ട് റ്റിൽ ദി ഗോൾ ഈസ് റീച്ച്ഡ്'' (Arise, Awake and stop not till the goal is reached) എന്ന വിവേകാനന്ദന്റെ വാക്കുകളാകട്ടെ നിങ്ങളുടെ വഴികാട്ടി.